# ആരോഗ്യ ശീർഷാസന ചിന്തകൾ

ഡോ. ജേക്കബ് വടക്കഞ്ചേരി

ശരീരത്തിന്റെയും മനസിന്റെയും സമൂഹത്തിന്റെയും സുസ്ഥിതിയാണ് ആരോഗ്യം എന്നാണ് ലോകാരോഗ്യ സംഘടനയുടെ നിർവചനം. എന്നാൽ ലോകാരാഗ്യ സംഘടനയുടേതടക്കമുള്ള ആരോഗ്യ പ്രവർത്തനങ്ങൾ ഈ നിർവചനത്തോട് നീതി പുലർത്തുന്നതേയില്ല. ആരോഗ്യ പ്രവർത്തനം എന്നാൽ രോഗം വരാതിരിക്കാനുള്ളതോ അല്ലെങ്കിൽ രോഗം മാറാനുള്ളതോ ആയ പ്രവർത്തനങ്ങളെന്നാണ് പ്രയോഗത്തിൽ കാണുന്നത്. ആരോഗ്യത്തിനുവേണ്ട അനുകൂല പ്രവർത്തനങ്ങൾക്കു പകരം നിഷേധ പ്രവർത്തനങ്ങളുടെ ഗതികേടിനെ ആരും മനസിലാക്കുന്നില്ല.

ശരീരത്തിന്റെയും മനസിന്റെയും സമൂഹത്തിന്റെയും സുസ്ഥിതിയാണ് ആരോഗ്യമെങ്കിൽ ഇവയുടെ ദുഃസ്ഥിതിയെന്താണ്? തീർച്ചയായും അത് അനാരോഗ്യം എന്നതാവണം. അനാരോഗ്യം എന്ന ഒരവസ്ഥയ്ക്കു ശേഷമല്ലാതെ രോഗം എന്നൊരവസ്ഥ ഉണ്ടാകുമോ? ശരീരത്തിന്റെയും മനസിന്റെയും സമൂഹത്തിന്റെയും ദുഃസ്ഥിതി കൊണ്ടുണ്ടാകുന്ന അനാരോഗ്യം മൂലം രോഗങ്ങൾ ഉണ്ടാകുന്നു എന്നതാണ് സത്യം. രോഗത്തെ ഏതെങ്കിലും വിധത്തിൽ ഇല്ലായ്മ ചെയ്തെന്നു കരുതി ആരോഗ്യം തിരിച്ചു വരുമോ? രോഗങ്ങൾക്കെതിരായ യുദ്ധത്തെ ആരോഗ്യ പ്രവർത്തനമായി കരുതാനാകുമോ?

നമ്മുടെ ആശുപത്രികളിൽ തടിച്ചുകൂടുന്ന രോഗികളിൽ ശരീരത്തിൽ ദുഃസ്ഥിതി കൊണ്ട് രോഗികളായവർ മാത്രമല്ല മനസിന്റെ ദുഃസ്ഥിതി കൊണ്ടും സമൂഹത്തിന്റെ ദുഃസ്ഥിതി കൊണ്ടും രോഗികളായവരും കൂടി ഉണ്ടാകുമെന്നാണ് ലോകാരോഗ്യ സംഘടനയുടെ ആരോഗ്യ നിർവചനം ചൂണ്ടിക്കാട്ടുന്നത്. തന്റെ മുന്നിലിരിക്കുന്ന രോഗിയുടെ അസുഖത്തിനു കാരണം ശരീരത്തിന്റെ ദുഃസ്ഥിതിയാണോ മനസിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ ദുഃസ്ഥിതിയാണോ എന്ന് ഏതെങ്കിലും ഡോക്ടർ ചിന്തിക്കുന്നുണ്ടോ?

ആരോഗ്യ പ്രവർത്തകരുടെ ഒരു സംഘത്തിന് ക്ലാസെടുക്കുമ്പോൾ ഈ ചോദ്യം കേട്ട ഒരു ഡോക്ടർക്ക് കലിവന്നു- 'അങ്ങിനെയൊക്കെ ചിന്തിച്ചിരുന്നാൽ നാലോ അഞ്ചോ രോഗികളെ നോക്കാൻ കഴിയും. ഇരുനൂറും മുന്നൂറും രോഗികളാണ് ഓരോ ദിവസവും ക്യൂവിലുണ്ടാകുക' ആരോഗ്യ പ്രവർത്തനം എന്ന പേരിലുള്ള ആശുപത്രി പ്രവർത്തനത്തിന്റെ ഇന്നത്തെ മുഖമാണ് ഡോക്ടറുടെ കോപത്തിൽ തെളിഞ്ഞു കാണുന്നത്. പക്ഷെ പ്രായോഗിക വൈഷമ്യങ്ങളോ പ്രയാസങ്ങളോ ഒന്നും ശരിയെ ശരിയല്ലാതാക്കുന്നില്ലല്ലോ.

ആരോഗ്യ പ്രവർത്തകരുടെ പല ക്ലാസുകളിലും ഈ വിഷയത്തെ സജീവ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ ആരോഗ്യ നിർവചനം അവരെല്ലാം 'തത്തമ്മേ പൂച്ച പൂച്ച' എന്ന പോലെ ഏറ്റുപറയാറുണ്ട്. പക്ഷെ,സമൂഹത്തിന്റെ ദുഃസ്ഥിതി കൊണ്ടുണ്ടാകുന്ന ഒരു രോഗത്തെക്കുറിച്ച് പറയാൻ ആവശ്യപ്പെടുന്നതോടെ അവർ നിശബ്ദരാകുകയായി. ശരീരത്തിന്റെയും മനസിന്റെയും സുഖമെന്നല്ലാതെ സമൂഹത്തിന്റെ കൂടെ സുഖമെന്ന് ആരും ആരോഗ്യത്തെ വിശ്വസിക്കുന്നില്ല എന്നതാണു സത്യം.

ഇടുക്കി ജില്ലയിലെ ഒരു കുഗ്രാമമായ വെൺമണിയിലെയും കോഴിക്കോട് ജില്ലയിലെ നാദാപുരത്തെയും ജനങ്ങളുടെ ബ്ലഡ് പ്രഷർ ഒന്നു തന്നെയാകുമോ? എറണാകുളം ജില്ലയിലെ ഏലൂർ ഉദ്യോഗ മണ്ഡലിലെയും കണ്ണൂർ ജില്ലയിലെ കൂമൻതോട്ടിലെയും ജനങ്ങളുടെ രോഗങ്ങൾ ഒന്നു പോലെയാകുമോ? ശാന്തിയും സമാധാനവും പാരസ്പര്യവും നിലനില്ക്കുന്ന വെൺമണിയിലെ ആയിരം പേരുടെ ബ്ലഡ് പ്രഷറിനെ വെൺമണി സമൂഹത്തിന്റെ ബ്ലഡ് പ്രഷർ എന്നു പറയാം. ആ സൂചിക ആരോഗ്യമുള്ള വെൺമണി ഗ്രാമത്തെ ഉയർത്തിക്കാട്ടും. വർഷങ്ങളായി വെട്ടും കുത്തും കൊലവിളിയും നടക്കുന്ന നാദാപുരം സമൂഹത്തിലോ? ഏതു സമയത്ത്, എവിടെ നിന്ന് വടിവാൾ വീഴുമെന്നും ബോംബ് പൊട്ടുമെന്നും ഭയന്ന് പരസ്പരം അവിശ്വാസത്തോടെയും ഭയത്തോടെയും വീക്ഷിക്കാൻ വിധിക്കപ്പെടുകയും ഓരോ രാഷ്ട്രീയ കൊലപാതകത്തിനു ശേഷവും ദിവസങ്ങളോളം പുറത്തിറങ്ങാൻ കഴിയാതെ വീടടച്ചിരുന്നു ഭയന്ന് വിറയ്ക്കുകയും ചെയ്യേണ്ടി വരുന്ന നാദാപുരം സമൂഹത്തിന്റെ ബ്ലഡ് പ്രഷർ, സമൂഹത്തിന്റെ ദുഃസ്ഥിതി കാരണം, അമിതമായിരിക്കുമെന്ന് പറയേണ്ടതുണ്ടോ? കാൻസറും ഹാർട്ട് അറ്റാക്കും മാനസിക വിഭ്രാന്തിയും വാഹനാപകടങ്ങളും മുതൽ വിട്ടുമാറുകയേയില്ലാത്ത ജലദോഷവും ആസ്മയും ഏലൂർ നിവാസികളുടെ സന്തത സഹചാരികളാണ്. അല്പം രാസവളവും ക്ലോറിനുമൊക്കെ ഉണ്ടാക്കാൻ സമൂഹം അനുയോജ്യമല്ലാത്ത വഴി തേടിയപ്പോഴുണ്ടായ മലിനീകരണം കൊണ്ടാണ് ഏലൂർ സമൂഹം പലവിധ അസുഖങ്ങളുടെ സമൂഹമായത്. ഇവരെയും ശുദ്ധ വായുവും ശുദ്ധ ജലവും ശുദ്ധ ഭക്ഷണവും കനിഞ്ഞനുഗ്രഹിക്കുന്ന കൂമൻ തോട് നിവാസികളെയും ഒന്നിച്ചു വെച്ചാലോ? സമൂഹത്തിന്റെ ദുഃസ്ഥിതി കൊണ്ടുണ്ടാകുന്ന രോഗങ്ങൾ അപ്പോഴാണ് മനസിലാക്കാനാകുക.

ആന്റണി സർക്കാർ നടപ്പിലാക്കിയ ചാരായനിരോധനം ആദ്യത്തെ മൂന്നു നാലു മാസങ്ങളിൽ തികച്ചും ഫലപ്രദമായിരുന്നു. ചാരായം നിരോധിക്കപ്പെട്ട 96 ഏപ്രിൽ ഒന്നാം തിയതിയോടു കൂടെ ആശുപത്രികളിലെ രോഗികളുടെ നിരക്ക് കുത്തനെ താണു. പല ആശുപത്രികളിലെയും അത്യാഹിത വിഭാഗങ്ങൾ അടച്ചു പൂട്ടേണ്ട അവസ്ഥയിലായി. കോട്ടയത്തെ ശ്രദ്ധ, എറണാകുളത്തെ മുക്തി സദൻ, സ്നേഹാലയം തുടങ്ങിയ മദ്യപാന ചികിത്സാ കേന്ദ്രങ്ങൾ കാലിയായി. റോഡപകടങ്ങൾ കുറഞ്ഞു. അടിപിടി, കത്തിക്കുത്ത് തുടങ്ങിയ കേസുകൾ പകുതിയിൽ താഴെയായി. മറുഭാഗത്ത് പലചരക്കുകടകളിലെ വില്പന 30 മുതൽ 40 ശതമാനം വരെ കൂടുകയും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും കച്ചവടത്തിൽ വർധനവ് ഉണ്ടാകുകയും ചെയ്തു. എന്നാൽ പിന്നീട് വന്ന സർക്കാരിന്റെ അയഞ്ഞ നിലപാടും വിദേശമദ്യത്തിന്റെ വില കുറയ്ക്കലുമായപ്പോൾ ആശുപത്രി കാഷ്വാലിറ്റികളിൽ വീണ്ടും തിരക്കായി. മദ്യപാന ചികിത്സാ കേന്ദ്രങ്ങളിൽ രോഗികളായി. കേസും കൂടി. നമ്മുടെ നാട്ടിലെ മദ്യവും മദ്യപാനവും സമൂഹത്തിന്റെ ദുഃസ്ഥിതിയുടെ രോഗമാണെന്നതിന് മറ്റു തെളിവുകൾ ആവശ്യമില്ലല്ലോ. 'ആൽക്കഹോളിസം' ഒരു രോഗമാണെന്ന് വൈദ്യശാസ്ത്രം പറയുകയും അതിനു പ്രത്യേകം ചികിത്സാ സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്യുമ്പോൾ മറുഭാഗത്ത് ആൽക്കഹോളിസ രോഗം പകർത്തുന്ന മദ്യഷാപ്പുകൾ മത്സരിച്ച് ലേലം വിളിച്ചുകൊടുക്കുകയാണ് ഒരു കൂട്ടർ.

ആത്മഹത്യയുടെയും കാൻസറിന്റെയും റോഡപകടങ്ങളുടെയും എല്ലാം ഒന്നാംസ്ഥാനത്തേക്ക് കേരളം മത്സരിച്ചെത്തുന്നതിന്റെ കാരണം ചികയുകയാണെല്ലാവരും. സമൂഹത്തിന്റെ ദുഃസ്ഥിതി കൊണ്ടല്ലാതെ അഞ്ചു ശതമാനം ആത്മഹത്യകൾ പോലും നടക്കില്ല എന്നവരറിയുന്നില്ല. കാൻസറിനും ഹാർട്ട് അറ്റാക്കിനും ആസ്ത്മയ്ക്കുമെല്ലാം പിന്നിൽ ദുഷിച്ചു പോയ സമൂഹത്തിന്റെ പങ്കുണ്ടെന്ന് ആരും ചിന്തിക്കുന്നില്ല. വീടിനു കൂറ്റൻ ഗേറ്റും പൂട്ടുകളും അൽസേഷനും പോരാതെ കാവലിന് 'മനുഷ്യപ്പട്ടിയും' എന്നത് ഭയവും അവിശ്വാസവും നിറഞ്ഞ രോഗഗ്രസ്തമായ സമൂഹത്തിന്റെ ലക്ഷണങ്ങളാണെന്നും ആരും മനസിലാക്കുന്നില്ല.

താൻ ജീവിക്കുന്ന ചുറ്റുപാടിന്റെ, സഹജീവികളുടെ സൗഖ്യത്തിന്റെ, പ്രതിഫലനമാണ് വ്യക്തിയുടെ ആരോഗ്യത്തിന്റെ പ്രാഥമിക അടിസ്ഥാനം. മനസിന്റെ സുസ്ഥിതിയാണ് രണ്ടാം ഘട്ടം. ആരോഗ്യാർഥികൾ സർവരും പൂജിക്കുന്ന ശരീരത്തിന്റെ സുസ്ഥിതിക്ക് മൂന്നാം സ്ഥാനം മാത്രമാണുള്ളത്. ഇവിടെ ഉയരുന്ന പ്രസക്തമായ ഒരു ചോദ്യമുണ്ട്.സമൂഹത്തിന്റെ ദുഃസ്ഥിതി മൂലം രോഗിയാകുന്ന നാദാപുരത്തുകാരനും ഏലൂക്കാരനും 'ക്രോസിനും പാരാസറ്റമോളും' ആരോഗ്യം നല്കുമോ? എങ്കിൽ നമ്മുടെ സാമൂഹ്യ പ്രശ്നങ്ങൾക്കെല്ലാം കമ്പനിക്കാരുടെ അമ്പതു പൈസാ മരുന്നുകൾ മതിയല്ലോ?-

(തുടരും)